ശ്രീ. ടി. വി. തോമസ്: സഹകരണസംഘത്തിന്റെ കീഴിൽ പ്രവർത്തിക്കാൻ സാദ്ധ്യമല്ലെന്നു് ആദ്യം ഒരു തീരുമാനം എടുത്തു, പിന്നീടു അപേക്ഷ അയച്ചാൽ എന്തോ കമ്മിറ്റ്മെന്റ് ഉണ്ടെന്നു കരുതിയിരിക്കണം.

ശ്രീ. കെ. ഭാർഗ്ഗവൻ: സംഘടനയുടെ കീഴിൽ പ്രവർത്തിക്കാൻ തയ്യാറല്ലെങ്കിൽ, അതിനുവേണ്ടി സമരംനടത്തി ജോലികിട്ടണമെന്നാവശ്യപ്പെടുന്നതെന്താണു്?

ശ്രീ. ടി. വി. തോമസ്: ഇപ്പോൾ കിട്ടിയാൽ കൊള്ളാമെന്നു് ആഗ്രഹമുണ്ടായിട്ടുകൊണ്ടു്.

ശ്രീ. എം. നാരായണക്കുറുപ്പു്: ഇതിനൊരു മദ്ധ്യസ്ഥതീരുമാനത്തിനു ശ്രമം നടത്തിയോ?

ശ്രീ. ടി. വി. തോമസ്: അതിനാണല്ലോ കൺഫർമേഷൻസു് വിളിച്ചുകൂട്ടിയതു്.

ശ്രീ. എം. നാരായണക്കുറുപ്പു്: ഇതു് അഡ്ജൂഡിക്കേഷനു് വിടാൻ ഉദ്ദേശമില്ലേ?

ശ്രീ. ടി. വി. തോമസ്: സാദ്ധ്യമല്ല; തൊഴിലാളി—മുതലാളി ബന്ധം ഇരുകൂട്ടരും തമ്മിലില്ല.

ശ്രീ. എം. നാരായണക്കുറുപ്പു്: പിന്നെ ലേബർ ഡിപ്പാർട്ടുമെന്റ് ഇടപെട്ടതെന്താണു്?

ശ്രീ. ടി. വി. തോമസ്: അതൊരു അനുരഞ്ജനശ്രമം മാത്രമായിരുന്നു.

ശ്രീ. ടി. ഒ. ബാവാ: ഈ സൊസൈറ്റികളിൽ എല്ലാവരും അപേക്ഷിച്ചിരുന്നുവെങ്കിലും, പണംകൂടി ചില ആളുകൾക്കു കൊടുക്കേണ്ടതുണ്ടായിരുന്നതുകൊണ്ടാണു് നിയമിക്കാതിരുന്നതെന്നറിയാമോ?

ശ്രീ. ടി. വി. തോമസ്: പണം കൈകാര്യംചെയ്യുന്ന ജോലിയായതുകൊണ്ടു് ഒരു സെക്യൂറിറ്റി വയ്ക്കണമെന്നുണ്ടു്.

ശ്രീ. കെ. എ. ബാലൻ: സെക്യൂറിറ്റി ഇല്ലാതെയും സൊസൈറ്റികളിൽ പ്രവർത്തിക്കാമെന്നറിയാമോ?

ശ്രീ. ടി. വി. തോമസ്: ആദ്യകാലത്തു് അങ്ങനെയാണു് നിർദ്ദേശിച്ചിരുന്നതു്.

பஸ், கார் போக்குவரத்து மூலமாய் உயிர் இழந்தவர்களின் எண்ணிக்கை.

* 1678. [29] ஸ்ரீ. என். கணபதி: கீழ் காணும் வினாக்களுக்கு டிரான்ஸ்போர்ட் இலாகா மந்திரி அவர்கள் விடை பகர்வார்களாக:

(எ) பஸ், கார் போக்குவரத்து மூலமாய் விபத்துகளில் 1958-59-ல் உயிர் இழந்தவர்களின் எண்ணிக்கை எவ்வளவு;

(பி) ஜில்லாவாரியாக கூறப்படுமா;

(சி) இறந்த குடும்ப வாரிசுகளுக்கு ஏதாவது மோட்டார் இன்ஷ்யூரன்ஸ் மூலமாகவோ வேறு வகையிலோ பணம் கொடுக்கப்பட்டதா;

LIBRARY ARCHIVES Kerala Legislative Assembly

(டி) 1957-58-ஐ விட உயிர் இழந்தவர்களின் தொகை 1958-59-ல் உயிர் இழந்தவர்களைவிட கூடுதலா, குறைவா; எவ்வளவு;

(இ) இப்படி விபத்துகள் ஏற்படுவதைத் தடுக்க என்ன நடவடிக்கை சர்க்கார் எடுக்கிறது?

Minister for Transport & Labour (**Shri T. V. Thomas**):

(a) 206:

(b) Trivandrum—32; Quilon—13; Alleppey—26; Kottayam—20; Ernakulam—23; Trichur—23; Palaghat—9; Canannore—49; Kozhikode—11.

(c) A sum of Rs. 28, 77 has been paid to the 34 persons who were killed by motor accident under the Third Party Insurance Scheme.

(d) Figures for 1957-58 are not readily available.

(e) Yes.

ஸ்ரீ. என். கணபதி: ஸர், அதைப்பற்றி என்ன நடவடிக்கை எடுக்கப்பட்டது?

Mr. Speaker: What is the question and what is the supplementary question?

ஸ்ரீ. என். கணபதி: மொத்தம் 206-ல் பாக்கியுள்ள கேஸ்களை ஏன் இன்னும் தீர்மானம் எடுக்கவில்லை?

ശ്രീ. ടി. വി. തോമസ്: ഇതിൽ കുറേ ആളുകളുടെ കേസുകളും ഇപ്പോൾ പെൻറിംഗിലാണ്. ബാക്കിയുള്ള കേസുകളിൽ അവർക്ക് അവകാശപ്പെടാൻ നിവൃത്തിയില്ലെന്നാണ് തീരുമാനിച്ചത്.

ஸ்ரீ என். கணபதி: எத்தனை வருஷங்களாக பெண்டிங்கில் இருக்கிறது?

ശ്രീ. ടി. വി. തോമസ്: 1958-59-ൽ മാക്സിമം ഒരു വർഷം ആയിരിക്കും.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ: മറ്റു ജില്ലകളെ അപേക്ഷിച്ച് കണ്ണൂർ ജില്ലയിൽ അപകടങ്ങൾ കൂടുതലാണെന്നുള്ള വസ്തുതയെ പരിഗണിച്ച് അതിനു കാരണം അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. ടി. വി. തോമസ്: അന്വേഷിക്കാൻ ഏർപ്പാടു ചെയ്തിട്ടുണ്ട്.

ശ്രീ. ഇ. പി. ഗോപാലൻ: ഓവർസ്പീഡ് നിയന്ത്രിക്കാൻ എന്താണു വഴി; അതു നിയന്ത്രിക്കേണ്ടതു് അത്യാവശ്യമാണെന്നു ഗവണ്മെൻറിനറിയാമോ?

ശ്രീ. ടി. വി. തോമസ്: പ്രധാനപ്പെട്ട സ്ഥലങ്ങളിൽ സ്പീഡ്ട്രാപ്പ് സ്ഥാപിച്ച് ഇതിനെ നിയന്ത്രിക്കാൻ ശ്രമിക്കുന്നുണ്ട്.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: ചിലപ്പോൾ ഡ്രൈവർമാർ സപ്ലൂം 'കഴിക്കുന്ന'തുകൊണ്ടാണ് അപകടങ്ങൾ ഉണ്ടാകുന്നതെന്നറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. വി. തോമസ്: കാലു കഴയ്ക്കുന്നതുകൊണ്ട് അങ്ങനെ വരാം.

ശ്രീ. പി. എം കുഞ്ഞിരാമൻ നമ്പ്യാർ: 'കഴിക്കുക' എന്നു പറഞ്ഞാൽ മദ്യപാനം നടത്തുകയെന്നാണെന്ന ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇവിടെ പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഇങ്ങനെ ചോദിച്ചതാണ്.

ശ്രീ. എം. നാരായണക്കുറുപ്പ്: ഓവർസീയർ പീഡു നിയന്ത്രിക്കുന്നതിനു വേണ്ടി, കൂടുതൽ സ്ഥലത്തു അതായതു സമയത്തു വണ്ടി എത്തുന്നുണ്ടോ എന്നു പരിശോധിക്കാൻ വ്യവസ്ഥ ചെയ്യുമോ?

ശ്രീ. ടി. വി. തോമസ്: എല്ലാ ചെക്കിംഗ് പ്രദേശത്തും ഇപ്പോൾ തന്നെ വണ്ടി പുറപ്പെടുന്നതും, ചെന്നെത്തുന്നതുമായ സമയം പരിശോധിക്കുന്നുണ്ട്. ബാക്കിയുള്ള സ്ഥലത്തു സ്പീഡുഗവർണ്ണർ ഏർപ്പെടുത്തി ഇതിനു പരിഹാരം കാണാൻ ശ്രമിക്കുന്നുണ്ട്.

(ചോദ്യം മുഴുവൻ കഴിഞ്ഞപ്പോൾ ആദ്യം ഹാജരില്ലാതിരുന്ന മെമ്പറന്മാരുടെ ചോദ്യങ്ങൾ വിളിച്ചു.)

ട്രഷറിയിലുള്ള ജീവനക്കാരുടെ ഓവർടൈം ജോലി.

* 1679. [9] ശ്രീ. ആർ. ബാലകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ സാമ്പത്തിക വർഷത്തിന്റെയും ആദ്യത്തെ ഒന്നും, രണ്ടും, മൂന്നും ദിവസങ്ങളിൽ സംസ്ഥാനത്തിലെ എല്ലാ ട്രഷറികളിലുമുള്ള ഗവണ്മെന്റ് ജീവനക്കാർ ഓവർടൈം ജോലി ചെയ്യേണ്ടിവരുന്ന സ്ഥിതിവിശേഷം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരമുള്ള ഓവർടൈം ജോലിക്കു ഈ ജീവനക്കാർക്ക് എന്തെങ്കിലും പ്രത്യേകമായ ആനുകൂല്യം നൽകിവരുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ ഇക്കാര്യം ഗവണ്മെന്റ് പരിഗണിക്കുമോ?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

(എ) ഇല്ല.

(ബി, സി) 'എ'-യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

മെമ്പർ ചോദ്യത്തിൽ ഉദ്ദേശിച്ചിട്ടുള്ളതു് സ്വല്പം വ്യത്യസ്തരീതിയിലാണെന്നു തോന്നുന്നു. പക്ഷേ, സാമ്പത്തിക വർഷത്തിന്റെ അവസാനദിവസങ്ങളിലാണ് ജോലിത്തിരക്കുണ്ടാകുന്നതു്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സാമ്പത്തികവർഷത്തിന്റെ അവസാനദിവസങ്ങളിലെന്നപോലെ മറ്റു ചില ദിവസങ്ങളിൽ മുഴുവൻ കണക്കു തയ്യാറാക്കുന്നതിനും മുഴുവൻ പണം കൊടുക്കുന്നതിനും അവർ ഓവർടൈം ജോലി ചെയ്യുവരുന്നുണ്ട്. അതിനെപ്പറ്റി അവർ നിവേദനം സമർപ്പിച്ചിട്ടുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: നിവേദനം സമർപ്പിച്ചിട്ടില്ല.

ശ്രീ. എം. നാരായണക്കുറുപ്പ്: ജോലി അധികമുള്ള ദിവസം പറഞ്ഞു. ജോലിക്കുറവുള്ള ദിവസമില്ലേ?

ശ്രീ. സി. അച്യുതമേനോൻ: ഇടയ്ക്ക് അല്പം കാണും.

LIBRARY ARCHIVES Kerala Legislative Assembly